മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള

175 (3150) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകന് നിലവാരമറിഞ്ഞ് കൃഷിയിറക്കുന്നതിന് വേണ്ടി മണ്ണിനെ കുറിച്ചുള്ള വിവരങ്ങളറിയുവാൻ ആധുനിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്റ്റ്) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നുണ്ടോ ;

(സി) ഇതിന്റെ വിശദാംശങ്ങൾ കർഷകർക്ക് എന്ന് മുതൽ ലഭിച്ചു തുടങ്ങും ?

ഉത്തരം

(എ) ഉണ്ട്. കൃഷി വകുപ്പിൽ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാ മണ്ണ പരിശോധനാ ലബോറട്ടറികളിൽ ശാസ്ത്രീയ രീതിയിലുള്ള മണ്ണ പരിശോധനാ സംവിധാനമുണ്ട്. മണ്ണിന്റെ അമ്ലത്വം, പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ അളവ് പരിശോധനയിലൂടെ അറിയുവാൻ സാധിക്കുന്നു. കൂടാതെ വിളകൾക്ക് അനുവർത്തിക്കേണ്ട വളപ്രയോഗങ്ങളും പൊതുവിലുള്ള വിളപരിപാലന നിർദ്ദേശങ്ങളും അടങ്ങിയ മണ്ണ് പരിശോധനാ ഫലം കർഷകർക്ക് ലഭിക്കുന്നു. ജില്ലാ മണ്ണ് പരിശോധനശാലകൾക്ക് പുറമേ കർഷകന്റെ കൃഷിയിടങ്ങളിൽവച്ച് മണ്ണ് പരിശോധനയ്ക്കായി സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ പത്തനംതിട്ട, എറണാകുളം, കാസർഗോഡ് ഒഴികെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. മണ്ണ പര്യവേഷണ സംരക്ഷണ വകുപ്പിൽ സംസ്ഥാനത്തെ കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിലെ മണ്ണിനെ സംബന്ധിക്കുന്ന സൂക്ഷ്മതല വിവരങ്ങൾ ജി.ഐ.എസ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ചതാണ് മൈക്രോലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്റ്റ്). പഞ്ചായത്തുകളിൽ വിശദ

LIBRARY ARCHIVES Kerala Legislative Assembly

മണ്ണുപര്യവേഷണത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ച് മണ്ണിന്റെ രാസ ഭൗതിക സ്വഭാവങ്ങൾ, അവശ്യ മൂലകങ്ങൾ, ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, മണ്ണൊലിപ്പിന്റെ തീവ്രത ഉടങ്ങി മണ്ണിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും കർഷകർക്കും കൃഷിശാസ്ത്രജ്ഞർക്കും മറ്റ് ഉപഭോക്താക്കൾക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ അനായാസേന വെബ് സൈറ്റിലൂടെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ കൃഷിയിടങ്ങളുടെ ഭൂവിനിയോഗക്ഷമത, ജലസേചനക്ഷമത, ഫലഭൂയിഷ്ഠത, വിള അനുയോജ്യത, ഭൂപരിപാലന ആവശ്യകത എന്നിവ സംബന്ധിച്ച വിവരങ്ങളും പഞ്ചായത്തുകളിലെ നെൽപ്പാടങ്ങളുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങളും ഇതിലൂടെ ലഭിക്കുന്നതാണ്.

(ബി) ആദ്യഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ 88 പഞ്ചായത്തുകളുടെയും വയനാട് ജില്ലയിലെ 25 പഞ്ചായത്തുകളുടെയും ഒരു മുനിസിപ്പാലിറ്റിയുടെയും വിശദ മണ്ണ പര്യവേഷണം പൂർത്തീകരിച്ച് ഭൂപടങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കി കഴിഞ്ഞു. രണ്ടാം ഘട്ടമായി ഇടുക്കി മലപ്പുറം ജില്ലകളുടെ സൂക്ഷ്മതല വിശദ മണ്ണപര്യവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിലെ എല്ലാ പഞ്ചായത്തുകളും മിസ്സിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) മെയ് ആദ്യവാരത്തോടെ മിസ്സ് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ചെരണ്ടത്തൂർ ചിറയിലെ പ്രവൃത്തികൾ

176 (3151) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിലെ ചെരണ്ടത്തൂർ ചിറയിൽ നെൽകൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly